# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 25, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

ധാതുമണൽ സമ്പത്ത്

*331. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
,, രാജു എബ്രഹാം
,, സി.കെ സദാശിവൻ
,, പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയത്തിനനുസരിച്ച് സംസ്ഥാനത്തെ ധാതുമണൽ സമ്പത്ത് ഉപയോഗപ്പെടുത്താൻ സാദ്ധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്കുൾപ്പെടെ വേണ്ട വിധത്തിൽ ധാതുസമ്പത്ത് ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമാകാത്തത് ചില വ്യവസായ സ്ഥാപനങ്ങൾക്കെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കരിമണൽ വൻതോതിൽ കടത്തിക്കൊണ്ടുപോകുന്നത് പൂർണ്ണമായും തടയുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പരമ്പരാഗത വ്യവസായ മേഖല

*332. ശ്രീ.സി.കൃഷ്ണൻ

,, ഇ.പി.ജയരാജൻ

,, എളമരം കരീം

,, ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിൽ കാലഹരണപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുകൊണ്ട് ഉല്പാദനക്ഷമത വളരെ താഴ്ന്ന നിലയിലാണെന്നറിയാമോ;

(ബി) കയറ്റുമതിക്കാരും ഇടത്തട്ടുകാരും ലാഭം കൊയ്യുമ്പോൾ, ഈ രംഗത്ത് തൊഴിലാളികൾക്ക് കൂലിയും തൊഴിലവസരവും കുറവാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ദു:സ്ഥിതി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി ഈ മേഖലയിലെ വ്യവസായങ്ങളെ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## സഹകരണ മേഖലയിലെ വിതരണ സംവിധാനങ്ങൾ

*333. ശ്രീ.എം.ഉമ്മർ

,, കെ.എൻ.എ.ഖാദർ

,, എൻ. ഷംസുദ്ദീൻ

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സഹകരണമേഖല ഏതെല്ലാം വിതരണ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഈ സംവിധാനങ്ങൾ മുഖേന നടത്തിയ വിപണി ഇടപെടലുകൾ, ഉത്സവ കാലങ്ങളിൽ വില നിലവാരം പിടിച്ചു നിർത്താൻ പര്യാപ്തമായിരുന്നോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം വ്യക്തമാക്കുമോ?

## വിദ്യാഭ്യാസ പുരോഗതി

*334. ഡോ.കെ.ടി.ജലീൽ
ശ്രീ.കെ.രാധാകൃഷ്ണൻ
,, എസ്.രാജേന്ദ്രൻ
,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പുരോഗതിയില്ലാത്തത് മൂലം ആദിവാസി വിഭാഗങ്ങൾ കൊടിയ ചൂഷണത്തിന് വിധേയമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ മേഖലയിൽ ആദിവാസി കുട്ടികൾക്ക് പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മേഖലയുടെ പുരോഗതിക്കായി നീക്കിവെക്കുന്ന തുക പ്രസ്തുത ആവശ്യത്തിനു പര്യാപ്തമാകുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>സോളാർ വൈദ്യുതി</u>

*335. ശ്രീ.കെ.അജിത്
,, വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലയിലും സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് വൈദ്യുതി ബോർഡ് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡും സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യയും ചേർന്ന് സംയുക്ത സംരംഭമായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഇപ്രകാരം എത്ര വൈദ്യുതി എത്ര കാലം കൊണ്ട് ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) എവിടെയെല്ലാം ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>യുവജനങ്ങളുടെ കർമ്മശേഷി</u>

*336. ശ്രീ.കെ.എൻ.എ.ഖാദർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ കർമ്മശേഷി, വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താൻ യുവജനകാര്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) മദ്യവിപത്തിനും റോഡപകടങ്ങൾക്കും പരിഹാരമായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ സജീവ പങ്കാളികളാക്കാനുതകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

കുടിൽ വ്യവസായ പ്രതിസന്ധി

*337. ശ്രീ.ചിറ്റയം ഗോപകുമാർ
,, പി.തിലോത്തമൻ
,, കെ.രാജു
,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനയോല, ഈറ്റ തുടങ്ങിയ കുടിൽ വ്യവസായ സംരംഭങ്ങൾ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം കരകൗശല ഉൽപന്നങ്ങളാണ് ഇപ്രകാരം നിർമ്മിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുടിൽ വ്യവസായങ്ങളേയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

*338. ശ്രീ.ഇ.ചന്ദ്രശേഖരൻ
,, വി.എസ്.സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി (സീവെറ്റ്) പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം വൈദ്യുതി ഉല്പാദനത്തിന് എത്ര സ്വകാര്യ സംരംഭകരുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്; ഈ സ്വകാര്യ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് വിശദമാക്കുമോ?

<u>പ്രവർത്തന രഹിതമായ വൈദ്യുതി മീറ്ററുകൾ</u>

*339. ശ്രീ.പി.ബി. അബ്ദുൾ റസാക്

,, പി.കെ.ബഷീർ

,, സി.മോയിൻ കുട്ടി

,, റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന രഹിതമായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ വൈകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മീറ്റർ പ്രവർത്തന രഹിതമാണെന്ന് മീറ്റർ റീഡർ റിപ്പോർട്ടു ചെയ്താൽ ആയത് മാറ്റി വെയ്ക്കാൻ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഉപഭോക്താവ് മീറ്റർ വാങ്ങി സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എവിടെയെല്ലാം ഇതിനുള്ള സംവിധാനമുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണം</u>

*340. ശ്രീ.കെ.മുരളീധരൻ

,, വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>സർവ്വേ പൂർത്തിയാക്കിയ പാതകൾ</u>

*341. ശ്രീ.കെ. ദാസൻ

,, കോടിയേരി ബാലകൃഷ്ണൻ

,, വി.ശിവൻകുട്ടി

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ പൂർത്തിയാക്കിയ ഏതെല്ലാം പ്രധാന റെയിൽപാതകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വർഷങ്ങൾക്ക് മുമ്പേ സർവ്വേ പൂർത്തിയാക്കിയ പാതകൾ നിർമ്മാണം ആരംഭിക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം എന്താണ് ;

(സി) സംസ്ഥാനത്തിന്റെ പുരോഗതിക്ക് അനിവാര്യമാകുന്ന പദ്ധതികളെങ്കിലും പ്രാവർത്തികമാക്കുന്നതിന് ജാഗ്രതക്കുറവ് കാരണമായിട്ടുണ്ടോ എന്നറിയിക്കുമോ?

<u>എനർജി ഇൻഫർമേഷൻ ബ്യൂറോ</u>

*342. ശ്രീ.എ.റ്റി.ജോർജ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>റെയിൽ ബജറ്റുകളിലെ പ്രഖ്യാപിത പദ്ധതികൾ</u>

*343. ശ്രീ.ജി.സുധാകരൻ

,, ഇ.പി.ജയരാജൻ

,, ബി.ഡി. ദേവസ്സി

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബജറ്റുകളിൽ തുടർച്ചയായി പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് മതിയായ തുക വകയിരുത്താത്തത് പദ്ധതി പ്രാബല്യത്തിലാകുന്നതിന് തടസ്സമായിട്ടുണ്ടോ;

(ബി) പ്രഖ്യാപിത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും മതിയായ തുക ലഭ്യമാക്കി പദ്ധതികൾ പ്രാബല്യത്തിൽ വരുത്തുന്നതിന് കൂടുതൽ ജാഗ്രത കാണിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ തൊഴിൽ അവസരം</u>

*344. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ജോലിക്കായി അവസരം അന്വേഷിക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യോഗ്യതക്കനുസരിച്ച് തൊഴിൽ ലഭിക്കുന്നതിന് സഹായിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ എത്ര പേർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് അറിയിക്കുമോ?

<u>സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം</u>

T *345. ഡോ.ടി.എം.തോമസ് ഐസക്
,, കെ.ടി.ജലീൽ
ശ്രീ.രാജു എബ്രഹാം
,, റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി മാറുന്നതിന് ഇനിയുംഎന്തെല്ലാം കാര്യങ്ങൾ കൈവരിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് വഴി എല്ലാ സേവനങ്ങളും ലഭ്യമാക്കാൻ

സാധിച്ചിട്ടുണ്ടോ; ഇത് സാദ്ധ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം ; നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കാമോ;

(സി) സമ്പൂർണ്ണ ഇന്റർനെറ്റ് ലഭ്യത കൈവരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്; സേവനാവകാശ നിയമ പ്രകാരം എല്ലാ വകുപ്പുകളും സേവനങ്ങൾ ഓൺലൈൻ ആയി നല്കുന്നുണ്ടോ; ഇതിനായി ബജറ്റ് തുകയുടെ എത്ര ശതമാനം ചെലവഴിച്ചു;

(ഡി) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം, പൊതുജനങ്ങൾക്കെല്ലാം ഇ-സേവനങ്ങൾ, സമ്പൂർണ്ണ ഇന്റർനെറ്റ് ലഭ്യത ഇവയെല്ലാം പൂർണ്ണതോതിൽ ഉറപ്പ് വരുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ് ; ഇതിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്ര; വിശദമാക്കാമോ; ഇതിനായുള്ള തന്നാണ്ടിലെ ബജറ്റ് പ്രൊവിഷൻ എത്ര?

<u>ഖാദി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ</u>

*346. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, എം.പി.വിൻസെൻറ്
,, സി.പി.മുഹമ്മദ്
,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ആരോഗ്യപരിരക്ഷയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ</u>

*347. ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, എം.എ.ബേബി
,, എം. ഹംസ
,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ആരോഗ്യപരിരക്ഷ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) ഇത്തരം സൗകര്യങ്ങൾ ലഭ്യമാകാത്ത നിരവധി പ്രദേശങ്ങൾ ആദിവാസി മേഖലയിൽ ഇപ്പോഴും നിലവിലുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) പോഷകാഹാരക്കുറവ്, മറ്റ് മാരകമായ രോഗങ്ങൾ എന്നിവയാൽ ആദിവാസി മേഖലയിൽ നിരവധി മരണങ്ങളുടെയും, മരണതുല്യമായി ജീവിക്കുന്നവരുടെയും വാർത്തകൾ പുറത്തുവരുമ്പോൾ മാത്രമാണ് അധികൃതർ ശ്രദ്ധിക്കുന്നതെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് തലത്തിലുള്ള വീഴ്ചയാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതിന് കാരണമാകുന്നതെന്ന് വ്യക്തമാക്കുമോ?

<u>വ്യവസായ സ്ഥാപനങ്ങളുടെ അഭിവൃദ്ധി</u>

*348. **ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.സി.കൃഷ്ണൻ**
**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ആ മേഖലയിലെ വിദഗ്ധരുമായും ട്രേഡ് യൂണിയനുകളുമായും ചർച്ച നടത്താറുണ്ടോ;

(ബി) ഇത്തരം ചർച്ചകൾ നടത്തുന്നത് വ്യവസായസ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എത്രത്തോളം സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) വ്യവസായ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ ജാഗ്രതക്കുറവു ഉണ്ടായിട്ടുണ്ടോ ; അത് വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ വ്യക്തമാക്കാമോ?

<u>വൈദ്യുതി ബോർഡിന്റെ കമ്പനിവത്ക്കരണം</u>

*349. **ശ്രീ.കെ.എം.ഷാജി**
**,, വി.എം.ഉമ്മർ മാസ്റ്റർ**
**,, എൻ .എ.നെല്ലിക്കുന്ന്**
**,, പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിയാക്കി മാറ്റാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നിലപാടുകളും നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട് ഒരു വിഭാഗം പ്രക്ഷോഭവുമായി ഇപ്പോൾ രംഗത്തിറങ്ങിയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>എഫ്.എ.സി.ടി ക്ക് പ്രഖ്യാപിച്ച പാക്കേജുകൾ</u>

*350. ശ്രീ.എം.ചന്ദ്രൻ
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.ബാബു എം. പാലിശ്ശേരി
,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ വ്യവസായ സ്ഥാപനമായ എഫ്.എ.സി.ടി-യെ തകർച്ചയിൽ നിന്നു സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) വൻ പ്രതിസന്ധിയിലാകുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ പ്രതിസന്ധി ഉണ്ടാകുമ്പോൾ സമയബന്ധിതമായി ഇടപെട്ട് പരിഹരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ; വ്യക്തമാക്കാമോ?

<u>വിവരസാങ്കേതിക മേഖലയിൽ തൊഴിലവസരങ്ങൾ</u>

*351. ശ്രീ.പുരുഷൻ കടലുണ്ടി
ഡോ.കെ.ടി.ജലീൽ
ശ്രീ.ജി.സുധാകരൻ
,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലയിൽ ആഭ്യന്തര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ;

(ബി) ഐ.ടി. അധിഷ്ഠിത കുടിൽ വ്യവസായം വളർത്തുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം

നടത്തിയിട്ടുണ്ടോ;

(സി) ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ഐ.ടി.പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് വേണ്ടത്ര സാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

## സ്വയംസഹായ സംഘങ്ങൾ

*352. ശ്രീ.പി.എ.മാധവൻ

,, വർക്കല കഹാർ

,, അൻവർ സാദത്ത്

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഇ-ഓക്ഷൻ

*353. ശ്രീ.ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## നിക്ഷേപ സംഗമമേള

*354. ശ്രീമതി.കെ.കെ.ലതിക
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, ഇ.പി.ജയരാജൻ
,, കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ നിക്ഷേപ സംഗമ മേളയിലെ വാഗ്ദാനങ്ങളും അവയുടെ പ്രതിഫലനവും വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ഓരോ മേള സംഘടിപ്പിക്കുമ്പോഴും അവകാശപ്പെട്ട രീതിയിൽ നിക്ഷേപം നേടിയെടുക്കുന്നതിന് സാധിച്ചിരുന്നുവോ; ഇല്ലെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) നിക്ഷേപ സംഗമ മേളകളിൽ കേന്ദ്രം വാഗ്ദാനം ചെയ്ത നിക്ഷേപം പൂർണ്ണമായും പ്രാവർത്തികമായിട്ടുണ്ടോ;

(ഡി) ഇത്തരം മേളകൾക്ക് നേതൃത്വം നൽകിയ കെ. എസ്. ഐ. ഡി. സി. നിക്ഷേപക മേളകളെ കുറിച്ച് വിലയിരുത്തിയത് എപ്രകാരമെന്നത് വിശദമാക്കാമോ?

<u>കൺസ്യൂമർഫെഡ്</u>

*355. ശ്രീ.ബി.സത്യൻ
,, രാജു എബ്രഹാം
,, കെ.കുഞ്ഞിരാമൻ **(ഉദുമ)**
,, ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക ബാദ്ധ്യത നിറവേറ്റുന്ന തരത്തിൽ സംഘടിപ്പിച്ചതും സുസജ്ജവുമായിരുന്ന കൺസ്യൂമർഫെഡ് തകർച്ചയിലാണോ ; കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) കൺസ്യൂമർഫെഡിന്റെ നിലവിലുള്ള ഔട്ട് ലെറ്റുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജനങ്ങൾക്ക് ഏറ്റവും സഹായകമാകേണ്ട കൺസ്യൂമർഫെഡിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ;വിശദമാക്കുമോ;

<u>കപ്പൽ നിർമ്മാണശാല</u>

*356. ശ്രീ.എ.എം. ആരിഫ്
,, എളമരം കരീം
,, എസ്.ശർമ്മ

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കപ്പൽ നിർമ്മാണശാലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കപ്പൽ നിർമ്മാണശാലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് പ്രസ്തുത മേഖലയിലെ തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ചർച്ചയിലെ നിർദ്ദേശങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) കപ്പൽ നിർമ്മാണശാല അഭിവൃദ്ധിപ്പെടുത്തുന്നതിനായി വിവിധ മേഖലകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കാറുണ്ടോ ;

(എഫ്) എങ്കിൽ ഇത്തരം നിർദ്ദേശങ്ങൾ മുഖേന കപ്പൽ നിർമ്മാണശാലയെ പുരോഗതിയിലെത്തിക്കുന്നതിനും അതുവഴി ഇവിടത്തെ തൊഴിലാളികളെയും കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>വാണിജ്യ വ്യാവസായിക കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റെയിൽ സംവിധാനം</u>

*357. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, സി.മമ്മൂട്ടി

,, പി.ഉബൈദുള്ള

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനമാരംഭിച്ച വിഴിഞ്ഞം തുറമുഖത്തെ റെയിൽവേ മുഖേന ബന്ധിപ്പിക്കുമ്പോൾ സംസ്ഥാനത്തെ വിവിധ വാണിജ്യ വ്യാവസായിക കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റെയിൽ സംവിധാനങ്ങളിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വ്യവസായ, വാണിജ്യ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ഏതൊക്കെ ലൈനുകൾ ഇരട്ടിപ്പിക്കേണ്ടി വരുമെന്നതും, സ്റ്റേഷനുകൾ നവീകരിക്കേണ്ടി വരുമെന്നതും സംബന്ധിച്ച പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) റെയിൽവേ വികസനക്കാര്യത്തിൽ സംസ്ഥാനവും, കേന്ദ്രവുമായുള്ള സഹകരണ കരാറിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകേണ്ട പ്രവൃത്തികളിൽ ഇതുകൂടി ഉൾപ്പെടുത്തുമോ?

<u>അതിരപ്പള്ളി ജലവൈദ്യുത പദ്ധതി</u>

*358. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി അന്തിമമായി ഉപേക്ഷിക്കാൻ തയ്യാറാകുമോ ;വ്യക്തമാക്കാമോ;

(ബി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി നടപ്പിൽ വന്നാൽ എന്ത് മാത്രം പരിസ്ഥിതി നാശമാണ് ഉണ്ടാകുന്നത് ;

(സി) ചീമേനി പദ്ധതിക്ക് പ്രദേശ വാസികളുടെ എതിർപ്പ് ശക്തമാണെന്നും അതിരപ്പിള്ളിയിൽ സമരം നടത്തുന്നത് ബാഹ്യശക്തികളാണെന്നുമുള്ള വൈദ്യുതി ബോർഡിന്റെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ?

<u>ഐ.ടി.മേഖല</u>

*359. ശ്രീ.എ. പ്രദീപ്കുമാർ

,, വി.ശിവൻകുട്ടി

,, ബി.ഡി. ദേവസ്സി

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.മേഖലയിലുള്ള സാദ്ധ്യതകൾ സംസ്ഥാനത്ത് പരമാവധി ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഐ.ടി. മേഖല മുഴുവൻ പ്രയോജനപ്പെടുത്തുന്നത് സംസ്ഥാനത്തിന്റെ വൻപുരോഗതി സാദ്ധ്യമാക്കുമെന്ന് ബോദ്ധ്യമുണ്ടോ;

(ഡി) സോഫ്റ്റ്‌വെയർ കമ്പനികൾക്കു വേണ്ടി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്കുകളുമായി സർക്കാർ/ സഹകരണ/സ്വകാര്യ മേഖലകളിൽ സജ്ജമായ, കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങളിൽ നിലവിൽ മാർക്കറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവ എത്ര സ്ക്വയർഫീറ്റ് വീതം ഉണ്ട്; അവയുടെ മാർക്കറ്റിംഗിനും പുതിയ കമ്പനികളെ ആകർഷിക്കുന്നതിലേക്കും സ്വീകരിച്ച നടപടി എന്താണ്;

(ഇ) വളർച്ച നേടിയിട്ടില്ലാത്ത പുതിയ ഐ.ടി. ഡെസ്റ്റിനേഷനുകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടി സ്വീകരിക്കാമോ?

ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി

*360. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
16-02-2016

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.